(ബി) കേരള ജല-മലിനജല അതോറിറ്റി പുതിയതായി നിലവിൽ വന്ന സ്ഥാപനമായതുകൊണ്ട് അതിന്റെ ടോപ്പ് ലവൽ ആഫീസർമാരായി പരിചയസമ്പന്നരായ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ കുറച്ചുകാലത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്.

മജിസ്ട്രേട്ടുമാരുടെ നിയമനം ഹൈക്കോടതിക്ക് വിടുന്നതിന് നടപടി

928 [1110] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മജിസ്ട്രേട്ടുമാരുടെ നിയമനം പി. എസ്. സി. യിൽ നിന്നും ഒഴിവാക്കി ഹൈക്കോടതിക്ക് വിടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തെപ്പറ്റി ഹൈക്കോർട്ട് ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിനുമേൽ എന്തു നടപടിയെടുക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

മുൻസിഫ് മജിസ്ട്രേട്ടുമാരുടേയും കോടതി ജീവനക്കാരുടേയും നിയമനം

929 [1111] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി :
,, കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. സീതിഹാജി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ്, മജിസ്ട്രേട്ട് എന്നിവരുടേയും കോടതി ജീവനക്കാരുടേയും നിയമനാധികാരം ഹൈക്കോടതിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ജഡ്ജിമാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ആലോചനയുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) മുൻസിഫ്, മജിസ്ട്രേട്ട് എന്നിവരുടെ നിയമനാധികാരം ഹൈക്കോടതിയെ ഏല്പിക്കണമോ എന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. മറ്റ് കോടതി ജീവനക്കാരുടെ നിയമനം ഹൈക്കോടതിയെ ഏല്പിക്കണമെന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.
(ഡി) ഉദിക്കുന്നില്ല.

താല്ക്കാലിക ഷെഡ്ഡുകളുള്ള ഗവൺമെൻറ് സ്കൂളുകൾ

930 [1117] ശ്രീ. കെ. കെ. തോമസ് :
,, സ്റ്റീഫൻ പാടുവ :
,, ജോസ് കുറ്റിയാനി :
,, പി. പി. തങ്കച്ചൻ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെൻറ്/സ്കൂളുകളിൽ ടെമ്പററി ഷെഡ്ഡുകളിൽ ക്ലാസ്സുകൾ നടത്തുന്നുണ്ട് ;

(ബി) ഇവയ്ക്ക് സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) 869.
(ബി) ഉണ്ട്.

പീരുമേട് താലൂക്കിലെ ഗവൺമെൻറ് സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ

931 [1118] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ എത്ര ഗവൺമെൻറ് സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ ആവശ്യമുണ്ട് ;

(ബി) ഈ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8.

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ച് മുൻഗണനാ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലെ ഗവൺമെൻറ് സ്കൂളുകൾ

932 [1119] ശ്രീ. കെ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അഗളി, ഷോളയൂർ പുതൂർ എന്നീപഞ്ചായത്തുകളിൽ എത്ര ഗവൺമെൻറ് സ്കൂളുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly